# Malayala Manorama

# 18 August 2018

# Kochi, Flood Relief, Postal Department

## സഹായത്തിന് തപാൽ വകുപ്പും

കൊച്ചി • സംസ്ഥാനത്തെ ദുരിതാശ്വാസ പ്രവർത്തനത്തിനു പോസ്റ്റ്മാൻമാരുടെ സേവനം വിട്ടുകൊടുത്തു തപാൽവകുപ്പ്. ഏതെല്ലാം വീടുകളിൽ അസുഖബാധിതരുണ്ടെന്നും അവിടേക്ക് എത്താൻ സാധിക്കുന്ന വഴികളെക്കുറിച്ചും ഇവർക്ക് അറിയാനാകും. സർക്കാരിന്റെ രക്ഷാപ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ തപാൽവകുപ്പ് തയാറാണെന്നു വ്യക്തമാക്കി കേരള ചീഫ് പോസ്റ്റ് മാസ്റ്റർ ജനറൽ ശാരദ സമ്പത്ത് ചീഫ് സെക്രട്ടറിക്കു കത്തു നൽകി. കുടുങ്ങിക്കിടക്കുന്നവരെ കുറിച്ചുള്ള വിവരങ്ങൾ 98473 97960 എന്ന നമ്പറിൽ അറിയിക്കാം.